II അടിയന്തരപ്രമേയ നോട്ടീസ്

മി.സ്പീക്കർ : ഓർഡർ...ഓർഡർ... ശ്രീ. വി.ഡി. സതീശൻ റൂൾ 50 അനുസരിച്ച് ഒരു നോട്ടീസ് ചെയറിന് നൽകിയിട്ടുണ്ട്. ചെയർ അത് പരിശോധിച്ചു. സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു അടിയന്തര സ്വഭാവം ഈ വിഷയത്തിലുള്ളതായി ചെയർ കരുതുന്നില്ല. എങ്കിലും ഇത് ഒന്നാമത്തെ സബ്മിഷനായി ഈ വിഷയം അവതരിപ്പിക്കാൻ അവസരം തരാം.....(ബഹളം)....ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കണം..... ചെയർ പറയാം. ലോട്ടറി തട്ടിപ്പുമായി ബന്ധപ്പെട്ട കേസ്സിൽ കേന്ദ്ര ആഭ്യന്തരമന്ത്രി സംസ്ഥാന മുഖ്യമന്ത്രിക്ക് അയച്ച കത്ത് മറച്ചുവയ്ക്കുകയും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണത്തിന് ശുപാർശ ചെയ്യാതെ സി.ബി.ഐ. അന്വേഷണം അട്ടിമറിച്ച ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാണ്....(ബഹളം).... ഈ വിഷയം ഇവിടെ നിരവധി പ്രാവശ്യം ചർച്ച ചെയ്തിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഒന്നാമത്തെ സബ്മിഷനായി അനുവദിക്കുന്നതാണ്.

III ശ്രദ്ധ ക്ഷണിക്കൽ

(1) ദളിത് ക്രൈസ്തവർക്ക് ആനുകൂല്യങ്ങൾ നൽകാൻ നടപടി

ശ്രീ. കെ. എം. മാണി : സർ, ദളിത് ക്രൈസ്തവർ ഇന്ന് അനുഭവിക്കുന്ന വിവേചനവും അവഗണനയും സഭയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ നൽകിയിട്ടുള്ളത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്ന് ക്രിസ്തുമതത്തിലേക്ക് മതപരിവർത്തനം ചെയ്യപ്പെട്ടവർക്ക് അക്കാരണത്താൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള സംവരണ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. മതത്തിന്റെ പേരിലുള്ള ഈ വിവേചനം ഇൻഡ്യൻ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന മതേതരത്വത്തിന്റെ ഒരു നിഷേധം തന്നെയാണെന്ന് സങ്കടത്തോടുകൂടി പറയട്ടെ. ഏത് മതത്തിൽ വിശ്വസിക്കാനുള്ള അവകാശവും ഇൻഡ്യയിലെ ഓരോ പൗരനുമുണ്ട്. മതപരിവർത്തനം ചെയ്തതുകൊണ്ട് ദളിത് ക്രൈസ്തവർക്ക് സാമ്പത്തികവും സാമൂഹികവുമായ അവശതകളിൽ ഒരു മാറ്റവുമില്ല. ക്രൈസ്തവ സമുദായത്തിൽ ജാതിയില്ല എന്നുള്ളത് ശരിയാണ്. സാമൂഹികമായും സാമ്പത്തികമായും അവർ അനുഭവിക്കുന്ന അവശതകൾക്ക് യാതൊരു മാറ്റവുമുണ്ടായിട്ടില്ല. അതുകൊണ്ട് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള സർവ്വ ആനുകൂല്യങ്ങളും മതപരിവർത്തനം ചെയ്ത ക്രൈസ്തവർക്കുകൂടി കിട്ടണം. അതിനുവേണ്ടി ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇൻഡ്യയിൽ സിക്ക് മതം സ്വീകരിച്ചവർക്കും ജൈനമതം സ്വീകരിച്ചവർക്കും സംവരണ ആനുകൂല്യം നൽകുവാൻ ബന്ധപ്പെട്ട സർക്കാരുകൾ നടപടി സ്വീകരിച്ചിട്ടുണ്ട്. അവർ വളരെക്കാലമായി അത് അനുഭവിച്ചുവരികയുമാണ്. എന്നാൽ ക്രൈസ്തവ മതത്തിലേക്ക് പരിവർത്തനം ചെയ്തു എന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒറ്റക്കാരണത്താൽ ദളിത് ക്രൈസ്തവർക്ക് സംവരണ ആനുകൂല്യം നിഷേധിക്കുന്നത് നീതിയല്ല. സംവരണം അൻപത് ശതമാനത്തിൽ നിജപ്പെടുത്തണമെന്ന് സുപ്രീംകോടതിയുടെ ഒരു വിധിയുണ്ട്. എന്നാൽ തമിഴ്നാട് സർക്കാർ സംവരണ ശതമാനം അറുപത്തിയേഴ് ശതമാനമായി നിജപ്പെടുത്തിക്കൊണ്ട് ഒരു നിയമനിർമ്മാണം കൊണ്ടുവരികയും അത് ഒൻപതാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയും ചെയ്തു. കർണ്ണാടക ഗവൺമെന്റ് സംവരണം എഴുപത്തി മൂന്ന് ശതമാനമായി ഉയർത്തിക്കൊണ്ട് നിയമനിർമ്മാണം നടത്തുകയുണ്ടായി എന്നത് വേറൊരു കാര്യം. ഹൈന്ദവ മതസ്ഥരായ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് നിലവിൽ കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾക്ക് യാതൊരു കോട്ടവും വരുത്താൻ ഞങ്ങളാരും പറയുന്നില്ല. എസ്.സി/എസ്.ടി. വിഭാഗങ്ങൾക്ക് ഇന്ന് കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾക്ക് യാതൊരു കോട്ടവും വരുത്താതെ തത്തുല്യമായ അവകാശം മതപരിവർത്തനം ചെയ്തവർക്കും കിട്ടുന്നതിനുവേണ്ടി ഒരു നിയമനിർമ്മാണം കൊണ്ടുവരണം. ആ നിയമനിർമ്മാണം കൊണ്ടുവരാൻ ഒരു ബുദ്ധിമുട്ടുമില്ല. ആർട്ടിക്കിൾ 31(സി) അനുസരിച്ച് ഇത് ഡയറക്ടീവ് പ്രിൻസിപ്പിൾസിൽ പറയുന്നതാണ്. ഡയറക്ടീവ് പ്രിൻസിപ്പിൾസിന്റെ 39 (46) ആർട്ടിക്കിളിൽ പറയുന്നത് എസ്.സി./എസ്.ടി., ബാക്ക്വേർഡ് ക്ലാസ്സസ്, മറ്റ് ദുർബല ജനവിഭാഗങ്ങൾ ഇവരുടെ ഉത്കർഷത്തിനുവേണ്ടി നടപടികൾ സ്വീകരിക്കണമെന്നാണ്. ഡയറക്ടീവ് പ്രിൻസിപ്പിൾസിൽ പറയുന്ന ഏതൊരു കാര്യങ്ങൾക്കും ആർട്ടിക്കിൾ 31(സി) അനുസരിച്ചുള്ള ഒരു പ്രഖ്യാപനത്തോടുകൂടി ഒരു നിയമനിർമ്മാണം കൊണ്ടുവരുന്നുവെങ്കിൽ അത് ഒൻപതാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുകപോലും വേണ്ട, അതിന് ഭരണഘടനാ പരിരക്ഷ ഉണ്ടായിരിക്കുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. ആ പരിരക്ഷ നമുക്ക് കിട്ടും. അതുകൊണ്ട് അങ്ങനെ ഒരു നിയമനിർമ്മാണം കൊണ്ടുവരണം. ഇൻഡ്യൻ ഭരണഘടന ഭേദഗതി ചെയ്യണമെന്ന് നിർബന്ധമില്ല. ഭേദഗതി ചെയ്യുന്നുവെങ്കിൽ നല്ല കാര്യം. ഇൻഡ്യൻ ഭരണഘടന ഭേദഗതി ചെയ്യാതെതന്നെ സംസ്ഥാന നിയമസഭയ്ക്ക് ആർട്ടിക്കിൾ 31 (സി) അനുസരിച്ചുള്ള പ്രഖ്യാപനത്തോടുകൂടിയുള്ള നിയമനിർമ്മാണം കൊണ്ടുവരുന്നുവെങ്കിൽ അത് നിലനിൽക്കും. മറ്റൊരു കാര്യംകൂടി ഞാൻ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. 2004-ൽ Franklin Thomas vs. State of Tamilnadu എന്ന സുപ്രീംകോടതി കേസിൽ religious and linguistic minorities -ന് ഒരു കമ്മീഷനെ രൂപീകരിക്കണമെന്ന് സുപ്രീംകോടതി പറഞ്ഞിരുന്നു. അതനുസരിച്ചാണ് രംഗനാഥ് മിശ്ര കമ്മീഷനെ കേന്ദ്ര ഗവൺമെന്റ് നിയമിച്ചത്. രംഗനാഥ്മിശ്ര കമ്മിഷൻ ഒരു റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിൽ കൊടുത്തിട്ടുണ്ട്. സിക്കുമതത്തിൽനിന്നും ബുദ്ധമതത്തിൽനിന്നും കൺവെർട്ട് ചെയ്യുന്നവർക്ക് ആനുകൂല്യം ലഭിക്കുന്ന സ്ഥിതിക്ക് ക്രൈസ്തവ മതത്തിലേക്കും ഇസ്ലാം മതത്തിലേക്കും കൺവെർട്ട് ചെയ്തിട്ടുള്ള എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുകൂടി ആനുകൂല്യം കൊടുക്കേണ്ടതാണ് എന്ന് രംഗനാഥമിശ്ര കമ്മീഷൻ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഈ റിപ്പോർട്ട് ഫ്രാങ്ക്ളിൻ കേസ്സിൽ സൂചിപ്പിച്ചപ്പോൾ സുപ്രീംകോടതി കേന്ദ്ര ഗവൺമെന്റിനോട് ചോദിച്ചു നിങ്ങളുടെ അഭിപ്രായമെന്താണ് എന്ന്. കേന്ദ്ര ഗവൺമെന്റ് എല്ലാ സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളോടും സംസ്ഥാനങ്ങളുടെ അഭിപ്രായം എന്തെന്ന് ചോദിച്ചപ്പോൾ നിരവധി സംസ്ഥാനങ്ങൾ ഇങ്ങനെ ചെയ്യണമെന്ന് എഴുതി അറിയിച്ചു. എനിക്ക് തോന്നുന്നത് 23 സംസ്ഥാനങ്ങൾ എഴുതി അറിയിച്ചുവെന്നാണ്. കേരള ഗവൺമെന്റും എഴുതി അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഭരണപക്ഷമോ പ്രതിപക്ഷമോ എന്നില്ല. രണ്ട് ഗവൺമെന്റുകളുടെയും കാലഘട്ടത്തിൽ, ഇവിടെ ഭരിച്ച എല്ലാ ഗവൺമെന്റുകളുടെയും കാലഘട്ടത്തിൽ ഇതിന് ഒരു പരിഹാരമുണ്ടാക്കാൻ കഴിഞ്ഞില്ല. നാളെകഴിഞ്ഞ്, 24-ാം തീയതി സുപ്രീംകോടതിയിൽ ഫ്രാങ്ക്ളിൻ കേസ് വരികയാണ്. ആ കേസ് വരുന്നതുകൊണ്ട് വളരെ അടിയന്തിരമായി എസ്.സി /എസ്.ടി വിഭാഗങ്ങൾക്കുള്ള ആനുകൂല്യം കൊടുക്കുന്നതിന് യാതൊരു വിരോധവുമില്ല എന്ന് കേന്ദ്ര ഗവൺമെന്റിനെ അറിയിക്കണം. കേന്ദ്ര ഗവൺമെന്റ് സുപ്രീംകോടതിയെ അറിയിച്ച് സുപ്രീം കോടതിയിൽ നിന്ന് ഈ വിഷയത്തിൽ അനുകൂലമായ വിധി നാളത്തെ വിധിയിൽ ഉണ്ടാകണം. ഇല്ലെങ്കിൽ ആർട്ടിക്കിൾ 31(സി) അനുസരിച്ച് സംസ്ഥാന നിയമനിർമ്മാണം നടത്തിക്കൊണ്ട് ഈ പാവപ്പെട്ട ദളിത് ക്രൈസ്തവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കണം.

പിന്നോക്ക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ക്രൈസ്തവ മതം സ്വീകരിച്ച പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ നൽകേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചാണ് ബഹുമാനപ്പെട്ട ശ്രീ. കെ. എം. മാണി ഇവിടെ ശ്രദ്ധക്ഷണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്നവർ ക്രൈസ്തവ മതം സ്വീകരിച്ചുവെന്ന കാരണത്താൽ അവർക്ക് പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള സംവരണവും മറ്റ് ആനുകൂല്യങ്ങളും നിഷേധിക്കപ്പെട്ടിരിക്കുകയാണെന്നും ക്രൈസ്തവ മതവിശ്വാസികളായി എന്ന കാരണത്താൽ ഈ വിഭാഗത്തിന്റെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥയ്ക്ക് യാതൊരു മാറ്റവും ഉണ്ടായിട്ടില്ല എന്നും സിക്ക് ജൈന മതങ്ങൾ സ്വീകരിച്ചവർക്ക് പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ആനുകൂല്യം നൽകുമ്പോൾ ദളിത് ക്രൈസ്തവർക്ക് മാത്രം ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് നീതി നിഷേധമാണ് എന്നുമാണ് ശ്രദ്ധക്ഷണിക്കൽ പ്രമേയ നോട്ടീസിന്റെ ഉള്ളടക്കം. ഭരണഘടനയുടെ ആർട്ടിക്കിൾ 341 പ്രകാരം പട്ടികജാതിയിൽപ്പെട്ട ആളുകൾ ഹിന്ദുമതത്തിന് പുറമേ സിക്ക് ബുദ്ധമതങ്ങൾ ഒഴികെ മറ്റ് മതങ്ങളിലേക്ക് മാറിയാൽ അവരുടെ പട്ടികജാതി പദവി നഷ്ടപ്പെടും എന്നാൽ ഭരണഘടനയുടെ ആർട്ടിക്കിൾ 342 പ്രകാരം പട്ടികവർഗ്ഗ വിഭാഗക്കാർ അതായത് ഷെഡ്യൂൾഡ് ട്രൈബ്സ് ഏത് മതം സ്വീകരിച്ചാലും അവരുടെ പട്ടികവർഗ്ഗ പദവി നഷ്ടപ്പെടുന്നില്ല. അതിനാൽ ശ്രദ്ധക്ഷണിക്കൽ നോട്ടീസിൽ പട്ടികവർഗ്ഗക്കാർ ക്രൈസ്തവമതം സ്വീകരിച്ചാൽ അവർക്ക് പട്ടികവർഗ്ഗ പദവി നഷ്ടപ്പെടുമെന്ന് പറഞ്ഞിരിക്കുന്നത് വസ്തുതയല്ല. പട്ടികജാതി/പട്ടികവർഗ്ഗ ലിസ്റ്റിൽ ഭേദഗതി വരുത്താനും ഏതെങ്കിലും വിഭാഗങ്ങളെ ഉൾപ്പെടുത്താനും ഒഴിവാക്കാനുമുള്ള അധികാരം കേന്ദ്രസർക്കാരിൽ മാത്രം നിക്ഷിപ്തമാണ്. ഇത് സംബന്ധിച്ച് പാർലമെന്റ് പട്ടികജാതി/

LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗ ലിസ്റ്റിൽ വരുത്തുന്ന ഭേദഗതിയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാരുകൾക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുക. അതിനാൽ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവർ ക്രൈസ്തവ മതം സ്വീകരിച്ചാലും അവർക്ക് പട്ടികജാതി പദവി നൽകണമെങ്കിൽ ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ നയപരമായ ഒരു തീരുമാനമെടുത്ത് ഭരണഘടനാഭേദഗതി ആർട്ടിക്കിൾ 341-ന് വരുത്തേണ്ടതുണ്ട്. ക്രിസ്തുമതത്തിലേക്ക് പരിവർത്തനം നടത്തിയ പട്ടികജാതിക്കാർക്ക് ഭരണഘടനാപരമായി പട്ടികജാതി പദവി ലഭിക്കുകയില്ലെങ്കിലും കേരളത്തിൽ അവരുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് മറ്റ് പിന്നോക്ക വിഭാഗങ്ങൾക്ക് അർഹമായ സംവരണവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കത്തക്ക രീതിയിൽ അവരെ ഒ.ബി.സി. ലിസ്റ്റിൽ പ്രത്യേകം ഉൾപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല ഉദ്യോഗ സംവരണത്തിൽ ഇവർക്കായി പ്രത്യേക സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. ലാസ്റ്റ് ഗ്രേഡ് ഒഴികെയുള്ള തസ്തികയിൽ ഒരു ശതമാനവും ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ രണ്ട് ശതമാനവും. ഇതുകൂടാതെ മതപരിവർത്തനം നടത്തിയ പട്ടികജാതിക്കാർക്ക് മറ്റു പട്ടികജാതിക്കാർക്ക് അർഹതപ്പെട്ട എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും ഇവരെ അദർ എലിജിബിൾ കമ്മ്യൂണിറ്റിയിൽപ്പെടുത്തി കൊടുക്കുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി സർക്കാർ നടപ്പാക്കിയ കടാശ്വാസ പദ്ധതിയുടെ ആനുകൂല്യവും പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 2011-12-ൽ 20 കോടി രൂപയുടെ ഒരു പ്രത്യേക പദ്ധതി ഈ അവശ ക്രൈസ്തവർക്ക് മാത്രം നീക്കിവച്ചിട്ടുണ്ട്. ഇതൊന്നും അങ്ങ് നേതൃത്വം കൊടുക്കുന്ന ഗവൺമെന്റിന്റെ കാലഘട്ടത്തിൽ സ്വപ്നത്തിൽപ്പോലും ഊഹിക്കാൻ കഴിയാത്ത കാര്യമാണ്. ഈ പ്രശ്നം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തണമെങ്കിൽ പ്രഗത്ഭനായ ഒരു പാർലമെന്റ് മെമ്പറാണ് അങ്ങയുടെ മകൻ എന്ന് എനിക്കറിയാം. അദ്ദേഹത്തിന്റെകൂടി ശ്രദ്ധയിൽപ്പെടുത്തിയാൽ നമുക്ക് ഇതിന് ഒരു പരിഹാരം നിർബന്ധമായും കാണാൻ കഴിയും .

ശ്രീ. കെ. എം. മാണി: സർ, ശ്രീ. എ. കെ. ബാലൻ എനിക്ക് വലിയ താൽപ്പര്യമുള്ള ഒരാളാണ്. പക്ഷേ ശ്രീ. എ. കെ. ബാലൻ ഇതിനകത്ത് രാഷ്ട്രീയം കൊണ്ടുവരേണ്ട. ഞാൻ പറഞ്ഞത്, നിങ്ങളുടെ കാലഘട്ടത്തിലും ഞങ്ങളുടെ കാലഘട്ടത്തിലും ഇതിന് പരിഹാരം കാണുവാൻ സാധിച്ചില്ല. ഒരു മാനുഷിക പ്രശ്നമായിട്ടാണ് ഞാനിതിനെ കാണുന്നത്. അല്ലാതെ ഇതൊരു എൽ.ഡി.എഫ്., യു.ഡി.എഫ്. പ്രശ്നമായിട്ടല്ല. ഇതൊരു മാനുഷിക പ്രശ്നമാണ്. ഇത് ഇന്ന് കൊണ്ടുവന്ന ഒരു പ്രമേയമല്ല. നിയമസഭയുടെ പഴയകാല ചരിത്രമുണ്ട്, എല്ലാ കാലഘട്ടത്തിലും ഞങ്ങൾ ഇതിനു വേണ്ടി പ്രമേയം കൊണ്ടുവന്നിട്ടുണ്ട്. 1995-ലാണ് കേന്ദ്രഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം ചോദിച്ചത്. സംസ്ഥാന ഗവൺമെന്റിനോട് അഭിപ്രായം ചോദിച്ചപ്പോൾ 22 സ്റ്റേറ്റുകൾ അഭിപ്രായം കൊടുത്തു, അഭിപ്രായം കൊടുക്കാത്ത 6 സ്റ്റേറ്റുകളിൽ കേരളവുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കേരള ഗവൺമെന്റ് എന്തുകൊണ്ട് ഇതിന് അഭിപ്രായം കൊടുത്തില്ല എന്നുള്ളത് എനിക്ക് മനസ്സിലാകുന്നില്ല. അതുസംബന്ധിച്ച് അങ്ങ് വിശദീകരിക്കണം. ഈ ഭരണഘടനാ ഭേദഗതിയില്ലാതെ 50 ശതമാനം റിസർവേഷനപ്പുറത്ത് വികലാംഗർ, സ്പോർട്ട്സ് കാട്ടയിലുള്ളവർ, ഡെയിംഗ് ഹാർനസ് തുടങ്ങിയവർക്കുവേണ്ടി ഇവിടെ വേറെ റൂളുകൾ ഭേദഗതി ചെയ്തിട്ട് റിസർവേഷൻ കൊടുക്കുന്നുണ്ട്. ഭരണഘടന ഭേദഗതിയില്ലാതെ തന്നെ സംസ്ഥാന ഗവൺമെന്റിന് നിയമനിർമ്മാണംവഴി കൊണ്ടുവരാം. അല്ലെങ്കിൽ ഭരണഘടനാ ഭേദഗതി വേണമെങ്കിൽ സ്റ്റേറ്റ് ഗവൺമെന്റ് കേന്ദ്രത്തിലേക്ക് എഴുതണം. എതുനിലയിലായാലും ഒന്നുകിൽ ഭരണഘടനാ ഭേദഗതിക്ക് അല്ലെങ്കിൽ ഇവിടത്തെ സ്റ്റേറ്റ് ലെജിസ്ലേഷന് ഈ ഗവൺമെന്റ് ഇനിഷ്യേറ്റ് ചെയ്യണം. അതൊടൊപ്പം ഇതിനൊരു മറുപടി കേന്ദ്രഗവൺമെന്റിലേക്ക് കൊടുക്കാൻ തയ്യാറാകണം.

ശ്രീ. എ. കെ. ബാലൻ: സർ, ഇതിൽ 50 ശതമാനത്തിലപ്പുറം സംവരണം കൊടുക്കണമോ വേണ്ടയോ എന്നുള്ളത് നയപരമായി തീരുമാനിക്കേണ്ട പ്രശ്നമാണ്. അതൊരു ഇരുതല മൂർച്ചയുള്ള ഒരു ആയുധമാണ്. ഭരണപ്രതിപക്ഷഭേദമന്യേ അതിനെ സംബന്ധിച്ച് ആലോചിച്ച് ഒരു കോൺസെൻസസിൽ എത്തേണ്ടതുണ്ട്. ഭരണഘടനയുടെ 31 (സി) നിയമപ്രകാരം ഡയറക്ടീവ് പ്രിൻസിപ്പിൾസിലുള്ള കാര്യങ്ങളൊക്കെ സ്റ്റേറ്റിൽ കൊണ്ടുവരാം. പക്ഷേ ഈ പ്രശ്നവുമായി ബന്ധപ്പെട്ടുകൊണ്ട് ആർട്ടിക്കിൾ 341-ഉം 342-ഉം ഭേദഗതി ചെയ്ത് കേന്ദ്രഗവൺമെന്റ് പാസാക്കിയ ഒരു സാഹചര്യത്തിൽ സ്റ്റേറ്റ് ഗവൺമെന്റിന് കൊണ്ടുവരാൻ സാധിക്കില്ല എന്നുള്ളത് അങ്ങേക്കറിയാം.

ശ്രീ. കെ. എം. മാണി: സർ, ഇത് തമിഴ്നാട്ടിലും കർണ്ണാടകയിലും കൊണ്ടുവന്നിട്ടുണ്ട്. അപ്പോൾ നിങ്ങൾക്ക് നൽകാൻ സാധിക്കില്ല എന്നുള്ളതാണ് വസ്തുത.

ശ്രീ. എ. കെ. ബാലൻ: അല്ല, അത് കൊണ്ടുവന്നത് 50 ശതമാനത്തിലപ്പുറത്തേക്കാണ്. അത് ഭരണപ്രതിപക്ഷ ഭേദമന്യേ നയപരമായി ആലോചിക്കേണ്ട പ്രശ്നമാണ്. സംവരണം 50 ശതമാനത്തിലപ്പുറം വേണമോ വേണ്ടയോ എന്നുള്ളതിനെ സംബന്ധിച്ച് ഭരണ പ്രതിപക്ഷ ഭേദമന്യേ ഒരു കോൺസെൻസസിൽ എത്തിയാൽ മാത്രമേ നമുക്ക് ആ രൂപത്തിലുള്ള ഒരു നിയമനിർമ്മാണത്തെക്കുറിച്ച് ആലോചിക്കാൻ സാധിക്കുകയുള്ളൂ. ഇവിടെ മാണിസാറിന് പറ്റിയിട്ടുള്ള ഒരു ബുദ്ധിമുട്ടെന്താണെന്നുപറഞ്ഞാൽ, ഈ പരിവർത്തിത ക്രൈസ്തവരുടെ ഒരു ഗംഭീര സമ്മേളനം ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. സാറിന് അതിൽ ലേശം ബുദ്ധിമുട്ടുണ്ടായിട്ടുണ്ടെന്നാണ് എനിക്കിപ്പോൾ തോന്നുന്നത്.

LIBRARY ARCHIVES Kerala Legislative Assembly